**LBS CENTRE FOR SCIENCE & TECHNOLOGY**
*(A Government of Kerala Undertaking)*
**Extra Police Road, Nandavanam, Thiruvananthapuram-695 033, Kerala.**
Phone: 2324396, 2560311,12,13,14 Fax: 0471-2337055
email: mail@lbscentre.org, lbscentre@gmail.com web: www.lbscentre.kerala.gov.in

Ref: B10/4095/2019 Date : 09-07-2019

**സംസ്ഥാനതല പ്രസിദ്ധീകരണത്തിന്**

# സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജൂലായ് 2019

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണ്ണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) എൽ ബി എസ് സെന്റർ നടത്തുന്നതാണ്. G.O.(Rt) No.2545/2019/ GEDN dated 26/06/2019 പ്രകാരം ഈ പരീക്ഷ നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് എൽ. ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെയാണ്. സെറ്റ് ജൂലായ് 2019-ന്റെ പ്രോസ്പെക്ടസും, സിലബസും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50% ത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡും, ബി.എഡ്-ഉം ആണ് അടിസ്ഥാന യോഗ്യത. ചില പ്രത്യേക വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ബി.എഡ്. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. LTTC, DLED തുടങ്ങിയ ട്രെയിനിംഗ് കോഴ്സുകൾ വിജയിച്ചവരെ സെറ്റിന് പരിഗണിക്കുന്നതാണ്. എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രം ബിരുദാനന്തര ബിരുദത്തിന് 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

ബയോ ടെക്നോളജി ബിരുദാനന്തര ബിരുദവും നാച്വറൽ സയൻസ് -ൽ ബി.എഡും നേടിയവർക്ക് ബയോ ടെക്നോളജിയിൽ സെറ്റ് എഴുതാവുന്നതാണ്.

**അടിസ്ഥാന യോഗ്യതയിൽ ഒന്നുമാത്രം നേടിയവർക്ക് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷ എഴുതാവുന്നതാണ്.**

1) പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദം മാത്രം നേടിയവർ ബി.എഡ് കോഴ്സ് അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കണം.
2) അവസാനവർഷ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ബി.എഡ്. ബിരുദം ഉണ്ടായിരിക്കണം.
3) മേൽ പറഞ്ഞ നിബന്ധന (1&2) പ്രകാരം സെറ്റ് പരീക്ഷ എഴുതുന്നവർ അവരുടെ പി.ജി./ബി.എഡ്. പരീക്ഷയുടെ നിശ്ചിത യോഗ്യത സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച തീയതി മുതൽ ഒരു വർഷത്തിനകം നേടിയിരിക്കണം. അല്ലാത്തപക്ഷം അവരെ ആ ചാൻസിൽ സെറ്റ് പരീക്ഷ പാസ്സായതായി പരിഗണിക്കുന്നതല്ല.

ഈ പരീക്ഷയ്ക്ക് ഓൺ ലൈൻ ആയി 10/07/2019 മുതൽ 27/07/2019 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ജനറൽ/ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്നവർ പരീക്ഷാ ഫീസിനത്തിൽ 750 രൂപയും, എസ്.സി./എസ്.ടി./പി.ഡബ്ലിയു.ഡി. എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ 375 രൂപയും ഓൺലൈൻ ആയി ഒടുക്കേണ്ടതാണ്.പി.ഡബ്ലിയു.ഡി. വിഭാഗത്തിൽപെടുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പാസ്സാകുന്നപക്ഷം ഹാജരാക്കേണ്ടതാണ്. ഒ.ബി.സി. നോൺക്രീമീലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ (2018 ജൂലായ് 11 നും 2019 ജൂലായ് 27 നും ഇടയിൽ ലഭിച്ചതായിരിക്കണം.), എസ്.സി./എസ്.ടി./ വിഭാഗങ്ങളിൽപ്പെടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനലും പാസ്സാകുന്നപക്ഷം ഹാജരാക്കേണ്ടതാണ്.

സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ **'ഓൺ ലൈൻ'** ആയി രജിസ്റ്റർ ചെയ്തിരിക്കണം. ഇതിനുള്ള നിർദ്ദേശം പ്രോസ്പെക്ടസിൽ വിശദമായി നൽകിയിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ 2019 ജൂലായ് 27 ന് 5 മണിക്ക് മുൻപായി പൂർത്തിയാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ **www.lbscentre.kerala.gov.in** എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

Sd/-
**ഡയറക്ടർ**